REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-06-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഗ്ലോബൽ സൗത്തിന്റെ പ്രത്യേകിച്ച് ആഫ്രിക്കയുടെ ആശങ്കകൾക്ക് മുൻഗണന നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോക നേതാക്കളുമായി മോദി കൂടിക്കാഴ്ച നടത്തി. മാർപ്പാപ്പയെ പ്രധാനമന്ത്രി ഇന്ത്യ സന്ദർശിക്കാൻ ക്ഷണിച്ചു.
- വിശുദ്ധ ഹജ്ജ് കർമ്മത്തിന്റെ സുപ്രധാന ചടങ്ങായ അറഫാ സംഗമം ഇന്ന്.
- പ്രവാസി മലയാളികളുടെ കഴിവും വൈദഗ്ധ്യവും കേരളത്തിന്റെ എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തിനു കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലോക കേരള സഭ ഇന്ന് സമാപിയ്ക്കും.
- കുവൈറ്റ് ദുരന്തത്തിൽ മരിച്ചവർക്ക് നാടിന്റെ കണ്ണീരിൽ കുതിർന്ന പ്രണാമം.
- പക്ഷിപ്പനി നേരിടുന്നതിന് കേരളത്തിനു മാത്രമായി പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തും.
- ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് കാനഡയെ നേരിടും. അമേരിക്ക സൂപ്പർ എട്ടിൽ. പാക്കിസ്താൻ പുറത്ത്.

## വാർത്തകൾ വിശദമായി

ഗ്ലോബൽ സൗത്തിന്റെ പ്രത്യേകിച്ച് ആഫ്രിക്കയുടെ ആശങ്കകൾക്ക് മുൻഗണന നൽകണമെന്ന് പ്രധാനമന്ത്രി

നരേന്ദ്ര മോദി പറഞ്ഞു. ഇറ്റലിയിലെ അപുലിയയിൽ ജി 7 ഉച്ചകോടിയിലെ ഔട്ട്റീച്ച് സെഷനെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി,

ലഭ്യത, പ്രവേശനക്ഷമത, താങ്ങാനാവുന്നത്, സ്വീകാര്യത എന്നിവയെ അടിസ്ഥാനമാക്കിയാണ് ഇന്ത്യയുടെ ഊർജ പരിവർത്തന പാതയെന്ന് മോദി വിശദീകരിച്ചു.

ന്യൂസ് ഡസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

വോയ്സ്

ഇന്ത്യയുടെ മിഷൻ ലൈഫിനെ സൂചിപ്പിച്ച പ്രധാനമന്ത്രി, ലോക പരിസ്ഥിതി ദിനത്തിൽ താൻ ആരംഭിച്ച വൃക്ഷത്തൈ നടീൽ കാമ്പെയ്നിൽ ചേരാൻ ആഗോള സമൂഹത്തെ ആഹ്വാനം ചെയ്തു-

ഇന്ത്യയുടെ AI മിഷനെക്കുറിച്ച് സംസാരിച്ച പ്രധാനമന്ത്രി, ഈ സാങ്കേതികവിദ്യ എല്ലാവരുടെയും പുരോഗതിയും ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടണമെന്ന് പറഞ്ഞു. AI-യുടെ ആഗോള പങ്കാളിത്തത്തിന്റെ സ്ഥാപക അംഗമെന്ന നിലയിൽ ഇന്ത്യ അന്താരാഷ്ട്ര സഹകരണം വളർത്തിയെടുക്കുകയാണെന്ന് അദ്ദേഹം അറിയിച്ചു. ജി 7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുമായി ഉഭയകക്ഷി ചർച്ച നടത്തി. മൈഗ്രേഷൻ ആൻഡ് മൊബിലിറ്റി ഉടമ്പടി നേരത്തേ നടപ്പാക്കണമെന്ന് ഇരു നേതാക്കളും ആവശ്യപ്പെട്ടു. യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ഉൾപ്പെടെ

ലോകനേതാക്കളുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. ജോർദാനിലെ അബ്ദുള്ള രണ്ടാമൻ രാജാവിനെയും അദ്ദേഹം കണ്ടു. ഫ്രാൻസിസ് മാർപാപ്പയുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. ഇന്ത്യ സന്ദർശിക്കാൻ മാർപാപ്പയെ മോദി ക്ഷണിച്ചു. ജപ്പാൻ പ്രധാനമന്ത്രി ഫ്യൂമിയോ കിഷിദ യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്, ബ്രസീൽ പ്രസിഡന്റ് ലുല ഡ സിൽവ, തുർക്കി പ്രസിഡന്റ് റജബ് തയ്യിബ് എർദോഗൻ, യുഎഇ പ്രസിഡന്റ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ, കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ എന്നിവരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

✪✪✪

വിശുദ്ധ ഹജ്ജ് കർമത്തിന്റെ സുപ്രധാന ചടങ്ങായ അറഫാ സംഗമം ഇന്ന്. പ്രാർത്ഥനാ നിർഭര മനസ്സുമായി ലക്ഷക്കണക്കിന് തീർത്ഥാടകർ ഇന്ന് അറഫയിൽ സംഗമിക്കും. പകൽ മുഴുവൻ അറഫയിലെ തുറന്ന മൈതാനിയിൽ കഴിച്ചു കൂട്ടുന്നതിന് ഇന്നലെ രാത്രി തന്നെ ഹാജിമാർ മിനായിൽ നിന്ന് അറഫയിലേക്ക് നീങ്ങിത്തുടങ്ങിയിരുന്നു. നമീറ പള്ളിയിൽ ഉച്ചയ്ക്ക് അറഫാ പ്രഭാഷണത്തോടെ ചടങ്ങുകൾക്ക് തുടക്കം കുറിയ്ക്കും. പ്രവാചകൻ മുഹമ്മദ് നബി വിടവാങ്ങൽ പ്രസംഗം നടത്തിയതിനെ അനുസ്മരിച്ച് ഹറം ഇമാം പ്രഭാഷണം നിർവഹിക്കും. സൂര്യാസ്തമയത്തോടെ തീർത്ഥാടകർ രാപ്പാർപ്പിനായി മുസ്ദലിഫയിലേക്ക് നീങ്ങും. രാത്രി അവിടെ വിശ്രമിച്ച ശേഷം നാളെ പുലർച്ചെ വീണ്ടും മിനായിലെത്തി

ജംറയിൽ കല്ലെറിഞ്ഞ് മുടി മുറിക്കുന്നതോടെ ഹജ്ജിന് അർദ്ധ വിരാമമാകും.

ഇന്ത്യയിൽ നിന്ന് ഏകദേശം ഒരു ലക്ഷത്തി 75,000ത്തോളം തീർഥാടകരാണ് ഇത്തവണ ഹജ്ജ് കർമ്മങ്ങളിൽ പങ്കെടുക്കുന്നത്.

സംസ്ഥാനത്ത് മറ്റന്നാളാണ് പെരുന്നാൾ.

✪✪✪

പ്രവാസി മലയാളികളുടെ കഴിവും വൈദഗ്ധ്യവും കേരളത്തിന്റെ എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തിനു കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നാലാമത് ലോക കേരള സഭയുടെ ഉദ്ഘാടനം നിയസഭയിലെ ശങ്കരനാരയണൻ തമ്പി ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. കുവൈറ്റ് അപകടത്തിൽ ലോകകേരള സഭ അനുശോചിച്ച ശേഷമായിരുന്നു ഉദ്ഘാടനം. ലോകകേരള സഭ ഇന്ന് സമാപിയ്ക്കും.

ഡസ്ക്ക് റിപ്പോർട്ട്

വോയ്സ്

നമ്മുടെ സാമൂഹിക - സാമ്പത്തിക ഘടനയെ ഒന്നാകെ മുന്നോട്ടു ചലിപ്പിക്കാൻ ഉപാധിയായി പ്രവാസത്തെ പ്രയോജനപ്പെടുത്താൻ സാധിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. പ്രവാസികളിൽ നിന്നുവരുന്ന പണത്തിന്റെ കാര്യത്തിൽ ഉണ്ടായ മുന്നേറ്റം പ്രവാസിശേഷിയും പ്രതിഭയും

ഉപയോഗിക്കുന്ന കാര്യത്തിലും ഉണ്ടാകണം. ലോക കേരള സഭ രൂപീകരിച്ച ശേഷം നടന്ന 3 മേഖലാ സമ്മേളനങ്ങളിൽ എടുത്ത തീരുമാനങ്ങൾ നല്ല നിലയിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാനത്തോടെ പറയാൻ കഴിയുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

സമ്മേളനങ്ങളിൽ ഉരുത്തിരിയുന്ന ആശയങ്ങളെ നിക്ഷേപം, ക്ഷേമം, നൈപുണ്യ വികസനം, സംസ്കാരം എന്നിങ്ങനെ മുഖ്യ രംഗങ്ങളായി തരംതിരിച്ചു. അവയ്ക്ക് പ്രാവർത്തിക രൂപം നൽകാൻ ഏഴു മേഖലാ കേന്ദ്രിത സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ രൂപീകരിച്ചു.പ്രവാസികളുടെ ക്ഷേമ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി ഗവൺമെന്റിന്റെ നേതൃത്വത്തിൽ പ്രവാസി മിഷൻ ആരംഭിക്കണമെന്നും പുനരധിവാസം മെച്ചപ്പെടുത്തുന്നതിനായി പ്രവാസി ലോട്ടറി ആരംഭിക്കണമെന്നും പ്രവാസികൾ ആവശ്യപ്പെട്ടു.

യൂറോപ്പ് മേഖലാ തല ചർച്ചയിൽ യു. കെ, അസർബൈജാൻ, റഷ്യ, ഉക്രൈൻ, ജർമനി, പോളണ്ട്, ഫ്രാൻസ്, നോർവെ, അയർലണ്ട്, ഫിൻലൻഡ്, വെയ്ൽസ് തുടങ്ങി വിവിധ യൂറോപ്യൻ രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്തു.

✪✪✪

കുവൈറ്റ് ദുരന്തത്തിൽ മരിച്ചവർക്ക് നാടിന്റെ കണ്ണീരിൽ കുതിർന്ന പ്രണാമം. ഇന്നലെ രാവിലെ കൊച്ചി വിമാനത്താവളത്തിലെത്തിച്ച 23 മലയാളികളുടെ മൃതദേഹങ്ങൾ വൈകിട്ടോടെ വീടുകളിലെത്തിച്ചു.

അന്ത്യകർമ്മങ്ങൾക്ക് ശേഷം 12 മൃതദേഹങ്ങൾ സംസ്കരിച്ചു. ഇന്ന് 4 മൃതദേഹങ്ങൾ സംസ്കരിക്കും. ബാക്കി മൃതദേഹങ്ങളുടെ സംസ്കാരം പിന്നിട്.

കണ്ണൂർ ധർമ്മടം സ്വദേശി വിശ്വാസ് കൃഷ്ണൻ, പെരിങ്ങോം വയക്കരയിലെ നിതിൻ കുത്തൂർ എന്നിവരുടെ മൃതദേഹങ്ങൾ ഇന്നലെ സംസ്കരിച്ചു. കുറുവയിലെ അനീഷ് കുമാറിന്റെ മൃതദേഹം രാവിലെ കണ്ണൂർ പയ്യാമ്പലത്ത് സംസ്കരിക്കും.

പുലാമന്തോൾ തിരുത്ത് സ്വദേശി ബാഹുലേയന്റെ മൃതദേഹം ഷൊർണ്ണൂർ ശാന്തിതീരത്ത് സംസ്കരിച്ചു. കൂട്ടായി, കോതപറമ്പ് സ്വദേശി കുപ്പന്റെ പുരക്കൽ നൂഹിന്റെ മൃതദേഹം കോതപറമ്പ് റാത്തീബ് ജുമാമസ്ജിദ് ഖബർസ്ഥാനിയിലാണ് ഖബറടക്കിയത്.

കാസർകോട് സൗത്ത് തൃക്കരിപ്പൂർ സ്വദേശി തെക്കുംമ്പാട് കേളുവിന്റെ മൃതദേഹം സമുദായ ശ്മശാനത്തിലും ചെർക്കളയിലെ കെ. രഞ്ജിത്തിന്റെ മൃതദേഹം വീട്ടുവളപ്പിലും സംസ്കരിച്ചു.

✪✪✪

രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ വർഷം സെപ്റ്റംബർ 30-നകം പ്രവേശനം നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ റദ്ദാക്കുകയോ പിൻവലിക്കുകയോ ചെയ്താൽ മുഴുവൻ ഫീസും തിരിച്ചു നൽകണമെന്ന് UGC നിർദ്ദേശിച്ചു. UGC യുടെ പുതിയ ഫീസ് റീഫണ്ട് നയത്തിലാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. ഒക്ടോബർ 31നകമാണെങ്കിൽ

പ്രൊസസിങ് ഫീസായി ആയിരം രൂപയിൽ താഴെ മാത്രമേ ഈടാക്കാവൂ. അഡ്മിഷൻ റദ്ദാക്കുകയോ പിൻവലിക്കുകയോ ചെയ്താൽ ഫീസ് തിരികെ നൽകാത്തതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ലഭിച്ച പരാതികൾ പരിഹരിക്കുന്നതിനാണ് നടപടി. പുതിയ നയം കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബാധകമാണ്.

✪✪✪

അടിക്കടി ഉണ്ടാകുന്ന പക്ഷിപ്പനി നേരിടുന്നതിന് കേരളത്തിനു മാത്രമായി പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തും. പക്ഷിപ്പനി നിയന്ത്രണത്തിനും പ്രതിരോധത്തിനുമായി പ്രത്യേക കർമ്മ പദ്ധതി രൂപികരിക്കാനും പക്ഷിപ്പനി പടരുന്ന സാഹചര്യത്തിൽ മന്ത്രി ജെ. ചിഞ്ചുറാണിയുടെ നേതൃത്വത്തിൽ കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് കമ്മീഷണറുമായി ഓൺലൈനായി ചേർന്ന യോഗം തീരുമാനിച്ചു. പക്ഷിപ്പനിയെക്കുറിച്ച് പഠിക്കുന്നതിന് രൂപീകരിച്ച വിദഗ്ദ്ധ സംഘവും ചർച്ചയിൽ പങ്കെടുത്തു.

ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസസിലേയും ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെറ്ററിനറി എപ്പി ഡെമോളജി ആന്റ് ഡിസീസ് ഇൻഫോർമാറ്റിക്സിലേയും വിദഗ്ദ്ധരുടെ മേൽ നോട്ടവും പഠനത്തിൽ ഉണ്ടാകുമെന്ന് മൃഗസംരക്ഷണ വകുപ്പ് അധികൃതർ അറിയിച്ചു.

✪✪✪

ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച ചേർത്തല നഗരസഭ, കഞ്ഞിക്കുഴി,മുഹമ്മ പഞ്ചായത്തുകളിൽ ഇന്ന് പക്ഷികളെ കൊന്നൊടുക്കുമെന്ന് ജില്ല മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. ചേർത്തല മുനിസിപ്പാലിറ്റിയിലെ 14,15,16 വാർഡുകൾ ഉൾപ്പെടുന്ന പ്രഭവ കേന്ദ്രത്തിൽ നിന്നും ഒരു കിലോമീറ്റർ ചുറ്റളവിലെ പക്ഷികളെയാണ് കള്ളിങ്ങിന് വിധേയമാക്കുന്നത്. കഞ്ഞിക്കുഴി പത്താം വാർഡ് ഉൾപ്പെടുന്ന പ്രഭവസ്ഥാനത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലും കള്ളിങ് നടക്കും.

✪✪✪

വിവിധ ജില്ലകളിലായി 117 റോഡുകളുടെ പുനർനിർമാണത്തിന് പൊതുമരാമത്ത് വകുപ്പ് 269 കോടി 19 ലക്ഷം രൂപ അനുവദിച്ചു. റോഡുകൾ BM & BC നിലവാരത്തിൽ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനുമായാണ് തുക അനുവദിച്ചതെന്ന് മന്ത്രി P.A. മുഹമ്മദ് റിയാസ് കോഴിക്കോട്ട് അറിയിച്ചു

പതിനേഴ് റോഡുകളുടെ നവീകരണത്തിനും രണ്ടു കെട്ടിടങ്ങളുടെ നിർമാണത്തിനുമായാണ് കോഴിക്കോട് ജില്ലയിൽ ഭരണാനുമതി നൽകിയത്.

✪✪✪

ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് കാനഡയെ നേരിടും. ഫ്ലോറിഡയിലെ സെൻട്രൽ ബ്രോവാർഡ് പാർക്ക് സ്റ്റേഡിയത്തിൽ രാത്രി എട്ടിനാണ് മത്സരം.

ഇന്നലെ ഗ്രൂപ്പ് എയിൽ അയർലെന്റ് അമേരിക്ക മത്സരം മഴമൂലം ഉപേക്ഷിച്ചതോടെ അമേരിക്ക സൂപ്പർ എട്ടിൽ കടന്നു. ആദ്യമായാണ് ക്രിക്കറ്റിൽ അമേരിക്ക സൂപ്പർ എട്ടിൽ കടക്കുന്നത്. ഇതോടെ ഗ്രൂപ്പ് എയിൽ നിന്ന് ഇന്ത്യക്ക് ശേഷം സൂപ്പർ എട്ടിലെത്തുന്ന രണ്ടാമത്തെ ടീമായി അമേരിക്ക മാറി. അമേരിക്കയുടെ ജയത്തോടെ പാക്കിസ്ഥാനും അയർലന്റും സൂപ്പർ എട്ട് കാണാതെ ലോകകപ്പിൽ നിന്ന് പുറത്തായി.

ഇന്ത്യൻ സമയം പുലർച്ചെ ആറിന് ആരംഭിച്ച മത്സരത്തിൽ ദക്ഷിണാഫ്രിക്കക്കെതിരെ നേപ്പാളിന് 116 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക നിശ്ചിത 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 115 റൺസെടുത്തു.

✪✪✪

യൂറോകപ്പ് ഫുട്ബോളിലെ ആദ്യമത്സരത്തിൽ ജർമ്മനിക്ക് വിജയത്തുടക്കം. മ്യൂണിച്ചിൽ നാലാം കിരീടം ലക്ഷ്യമിട്ട് കളിക്കാനിറങ്ങിയ ജർമനി ഒന്നിനെതിരെ അഞ്ചുഗോളുകൾക്ക് സ്കോട്ട്ലാന്റിനെ പരാജയപ്പെടുത്തി. യൂറോപ്യൻ ചാമ്പ്യൻഷിപ്പ് ചരിത്രത്തിലെ ഏറ്റവും വലിയ ഓപ്പണിംഗ് വിജയമാണിത്.

ഇന്ന് കൊളോണിൽ ഗ്രൂപ്പ് എ മത്സരത്തിൽ ഹംഗറി സ്വിറ്റ്സർലൻഡിനെയും,ബെർലിനിൽ ഗ്രൂപ്പ് ബി മത്സരത്തിൽ സ്പെയിൻ ക്രൊയേഷ്യയെയും നേരിടും.

✪✪✪

പ്രമുഖ സാഹിത്യകാരൻ കണ്ണൂർ പാട്യത്തെ ശ്രീധരൻ ചമ്പാട് അന്തരിച്ചു. അദ്ദേഹത്തിന് 86 വയസ്സായിരുന്നു.

സർക്കസ് കലയെ നെഞ്ചോടുചേർത്ത കഥാകാരൻ എന്നറിയപ്പെടുന്ന ശ്രീധരൻ ചമ്പാട് ജി. അരവിന്ദന്റെ തമ്പ് എന്ന സിനിമയുടെ രചയിതാവാണ്. കെ.ജി. ജോർജിന്റെ 'മേള'യുടെ തിരക്കഥയും രചിച്ചു. ഇരുപതോളം കൃതികളുടെ കർത്താവാണ്

സംസ്കാരം വൈകീട്ട് അഞ്ചിന് വള്ള്യായി തണൽ വാതക ശ്മശാനത്തിൽ നടക്കും.

✪✪✪

വിഴിഞ്ഞം സ്റ്റേഷനിലെ എസ്.ഐ ജോർജ് കുരുവിളയെ കോട്ടയത്തെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി.

ഇദ്ദേഹത്തിന് കുടുംബ പ്രശ്നങ്ങൾ നിലനിന്നിരുന്നതായി സുഹൃത്തുക്കൾ അറിയിച്ചു.

✪✪✪

പ്രമുഖ സിറ്റി ഗ്യാസ് വിതരണക്കാരായ എജി ആൻഡ് പി പ്രഥം കമ്പനിയുടെ ആഭിമുഖ്യത്തിൽ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ പൈപ്പിലൂടെ പ്രകൃതി വാതകം വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കമായി. പേരൂർക്കടയിൽ മന്ത്രി പി രാജീവ് പദ്ധതി ഉദ്ഘാടനം ചെയ്തു.

ഡിസംബറോടെ 12,000 വീടുകളിൽ പിഎൻജി എത്തും.

✪✪✪

തിരുവനന്തപുരത്തു നിന്ന് ഒരു പുതിയ രാജ്യാന്തര വിമാന സർവീസ് കൂടി ഇന്നാരംഭിയ്ക്കും. ഇതിഹാദ് എയർവെയ്സാണ് തിരുവനന്തപുരം-അബുദാബി സർവീസ്

ആരംഭിക്കുന്നത്. തുടക്കത്തിൽ ആഴ്ചയിൽ 5 ദിവസമായിരിക്കും സർവീസ്.

പുതിയ സർവീസ് ആരംഭിക്കുന്നതോടെ യൂറോപ്പ് ഉൾപ്പെടെ രാജ്യങ്ങളിലേക്ക് കൂടുതൽ കണക്റ്റിവിറ്റി ലഭ്യമാകും.

✪✪✪

പൊതുവിദ്യാലയങ്ങളിൽ കൈറ്റ് നേതൃത്വത്തിൽ നടപ്പാക്കുന്ന 'ലിറ്റിൽ കൈറ്റ്സ് ' പദ്ധതിയിൽ സംസ്ഥാനത്തെ ഏറ്റവും മികച്ച സ്കൂളായി പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള A.M.M.H.S.S നെ തെരഞ്ഞെടുത്തു. രണ്ടാമത്തെ മികച്ച യൂണിറ്റ് തിരുവനന്തപുരം ജില്ലയിലെ G.G.H.S.S കോട്ടൺഹില്ലാണ്. മൂന്നാം സ്ഥാനം തിരുവനന്തപുരം ജില്ലയിലെ G.H.S.S വീരണകാവും എറണാകുളം ജില്ലയിലെ സെന്റ് ജോസഫ് H.S കറുകുറ്റിയും പങ്കിട്ടു. ജില്ലാതല അവാർഡുകളും പ്രഖ്യാപിച്ചു.

മുഖ്യമന്ത്രി പിണറായി വിജയൻ അടുത്ത മാസം 6-ന് വൈകീട്ട് തിരുവനന്തപുരത്ത് അവാർഡുകൾ സമ്മാനിക്കും. ലിറ്റിൽ കൈറ്റ്സ് പദ്ധതിയെക്കുറിച്ച് യൂണിസെഫ് നടത്തിയ പഠന റിപ്പോർട്ടും ചടങ്ങിൽ പ്രകാശനം ചെയ്യും.

✪✪✪